**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

ബുള്ളറ്റിൻ ഭാഗം-2

<u>2019 ഡിസംബർ, 30</u>

നമ്പർ : 809

**ചട്ടം 118 അനുസരിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നോട്ടീസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.**

പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ 126-ാം ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി-പട്ടികവർഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം 10 വർഷം കൂടി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26ന് അവസാനിക്കുന്ന സംവരണ കാലാവധി 10 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന സംവരണം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.